സാമൂഹ്യ സുരക്ഷാ ക്ഷേമനിധി

26 (*446) ശ്രീ. കെ. ടി. ജലീൽ :
ശ്രീമതി കെ. കെ. ലതിക:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്രമായ ഒരു സാമൂഹ്യ സുരക്ഷാ പരിപാടി ആവിഷ്ക്കരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. എ. വി. ജോസ് അദ്ധ്യക്ഷനായി രൂപീകരിച്ച സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സാമൂഹ്യ സുരക്ഷാ ക്ഷേമനിധികൾ പ്രവർത്തിക്കുന്നു ;

(ഡി) ഓരോ മേഖലയ്ക്കും പ്രത്യേകം പ്രത്യേകം ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുന്നതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ&ബി) ഡോ. എ. വി. ജോസ് സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ 14 ക്ഷേമനിധി ബോർഡുകളും 7 ക്ഷേമ പദ്ധതികളും പ്രവർത്തിക്കുന്നു.

(ഡി) തൊഴിൽ വകുപ്പിന് കീഴിലുള്ള സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്നതു സംബന്ധിച്ച് ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

ചകിരിയുടെ ലഭ്യത ഉറപ്പാക്കാൻ നടപടി

27 (*447) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ പ്രധാന ഘടകമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി പച്ചത്തൊണ്ടിന്റെ കാര്യക്ഷമമായ ശേഖരണത്തിന് തേങ്ങ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ബ്ലോക്ക് തലത്തിലുള്ള എത്ര കൺസോർഷ്യങ്ങൾക്ക് ഇതുവരെ രൂപം നൽകാനായിട്ടുണ്ട് ;

(ഡി) പ്രസ്തുത കൺസോർഷ്യങ്ങളുടെ മൂലധന സഹായമായി സർക്കാർ എന്തു തുക ഇതുവരെ നൽകിയിട്ടുണ്ട് ;

(ഇ) ഈ വർഷം എത്ര പുതിയ കൺസോർഷ്യങ്ങൾക്ക് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത് ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) 2006-07 വർഷം മുതൽ 2008-09 വരെ നടപ്പിലാക്കിയ ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മിൽ സ്ഥാപിക്കൽ പദ്ധതി പ്രകാരവും കയർ കമ്മീഷൻ ശുപാർശ പ്രകാരം 2009-10 വർഷം മുതൽ നടപ്പിലാക്കി വരുന്ന പുതിയ ഡീഫൈബറിംഗ് മിൽ സ്ഥാപിക്കൽ പദ്ധതി പ്രകാരവും ചകിരിക്ഷാമം പരിഹരിക്കുന്നതിലേക്കായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

♦ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തൊണ്ട് പരമാവധി സംഭരിക്കുന്നതിലേയ്ക്കായി തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു.

♦ സഹകരണ മേഖല, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന മില്ലുകൾക്ക് ആകെ മുതൽമുടക്കിന്റെ 75% പരമാവധി 25 ലക്ഷം രൂപ ഗ്രാന്റായി നൽകിവരുന്നു.

♦ മേൽ വിഭാഗത്തിൽപ്പെട്ട നിലവിലുള്ള മില്ലുകൾക്ക് പുനരുദ്ധാരണം/ നവീകരണം/ആധുനികവൽക്കരണം എന്നിവയ്ക്കായി ആകെ പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപ ഗ്രാന്റായി നൽകിവരുന്നു.

♦ സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന ഡീഫൈബറിംഗ് മില്ലുകൾക്ക് സ്ഥിര മൂലധനത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപയും ഈ വിഭാഗത്തിലെ മില്ലുകളുടെ പുനരുദ്ധാരണത്തിന് പ്രോജക്ട് കോസ്റ്റിന്റെ 50% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

♦ 2009-10 സാമ്പത്തിക വർഷം 9 ഡീഫൈബറിംഗ് സംഘങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി 181.92 ലക്ഷം രൂപയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ബേപ്പൂരിൽ പുതിയ മിൽ ആരംഭിക്കുന്നതിലേക്കായി 121.55 ലക്ഷം രൂപയും 14 സ്വകാര്യ യൂണിറ്റുകൾക്ക് 92.33 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

♦ ചകിരി ക്ഷാമം ശാശ്വതമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണസംഘങ്ങൾക്കും, സ്വയം സഹായ ഗ്രൂപ്പുകൾക്കും സ്വകാര്യ സംരംഭകർക്കും നൽകിവരുന്നു. ഇത്തരത്തിലുള്ള 265 മെഷീനുകൾ നിർമ്മിച്ച് കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വയംസഹായ ഗ്രൂപ്പുകൾക്ക് 75% സബ്സിഡിയിലും സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡിയിലും നൽകുന്നതിലേയ്ക്കായി 357 ലക്ഷം രൂപ എൻ.സി.ആർ.എം.ഐ.യ്ക്ക് അനുവദിച്ചു. 31-12-10-നകം 1000 മെഷീനുകൾ സംസ്ഥാനത്ത് ഒട്ടാകെ വിതരണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

♦ നിലവിൽ അനുഭവപ്പെട്ടിരുന്ന ചകിരി ക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡ് തമിഴ്നാട്ടിലെ ചകിരി ഉൽപ്പാദക കേന്ദ്രങ്ങളിൽ നിന്നും പരമാവധി ചകിരി വാങ്ങി സംഭരിച്ച് സംഘങ്ങൾക്ക് നൽകിവരുന്നു. കഴിഞ്ഞ വർഷം 18 രൂപ വരെ വില നൽകി ചകിരി സംഭരിച്ച് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 10 രൂപയ്ക്ക് നൽകി. ഇപ്പോൾ കയർഫെഡ് 700 കിന്റൽ ചകിരി സംഭരിച്ചുവച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഒന്നോ ഒന്നിലധികം ബ്ലോക്കുകളോ പ്രവർത്തന പരിധിയാക്കി ഇതുവരെ 32 കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഒരു കൺസോർഷ്യത്തിന് 5 ലക്ഷം എന്ന കണക്കിൽ 2009-10-ൽ രജിസ്റ്റർ ചെയ്യപ്പെട്ട 30 കൺസോർഷ്യങ്ങൾക്ക് 150 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. രണ്ട് കൺസോർഷ്യങ്ങൾക്കുള്ള തുക അനുവദിക്കുന്നതിലേയ്ക്കായി പരിഗണിച്ചുവരുന്നു.

(ഇ) തൊണ്ട് സംഭരണ സാദ്ധ്യതയും ഡീഫൈബറിംഗ് മില്ലുകൾ ചെറുതും വലുതുമായി പ്രവർത്തിക്കുന്ന എല്ലാ ബ്ലോക്ക് പ്രദേശത്തും കൺസോർഷ്യങ്ങൾ ആരംഭിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 50 കൺസോർഷ്യങ്ങൾ രൂപം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 32 എണ്ണം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ വർഷം 18 കൺസോർഷ്യങ്ങൾ കൂടി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

28 (*448) ശ്രീ. ബി. രാഘവൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly